പ്രസിഡന്റിന്റെ സന്ദേശം



# ഇത് സത്യ ദർശനം



പുതിയൊരു വർഷത്തെക്കൂടി നാം വരവേൽക്കുന്ന ഈ വേളയിൽ വേദ ദർശനം നിങ്ങളുടെ കൈകളിലെത്തുകയാണ്. മൗലവി ചേകനൂരിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട ഖുർആൻ സുന്നത്ത് സൊസൈറ്റിക്ക് കാൽ നൂറ്റാണ്ട് തികയുന്ന വർഷം കൂടിയാണിത്. നിരീക്ഷണം, അൽ ബുർഹാൻ, ഖുർആൻ ദർശനം എന്നീ പേരുകളിൽ മുമ്പിറങ്ങിയ മാസികകളുടെ പ്രവർത്തനം പല കാരണങ്ങളാൽ നിലച്ചു. ഇക്കാലത്ത് ഒരു പ്രസിദ്ധീകരണം നടത്തിക്കൊണ്ടുപോവുകയെന്നത് ഭഗീരഥ പ്രയത്നം തന്നെയാണ്. എങ്കിലും ആ വെല്ലുവിളി ഏറ്റെടുത്തു എളിയനിലയിൽ ഇവിടെ തുടക്കം കുറിക്കുകയാണ്. അവകാശവാദങ്ങൾ ഏറെയില്ല. പരിമിതികൾക്കുള്ളിൽ നിന്നു ചെയ്തതുകൊണ്ട് പോരായ്മകളുണ്ടാവാം. എങ്കിലും ആവുന്നത്ര കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്. വിലയിരുത്തേണ്ടത് നിങ്ങളാണ്. മേൽ സൂചിപ്പിച്ച മാഗസിനുകളുടെ ഗതി വേദ ദർശനത്തിന് ഉണ്ടാവില്ലെന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം. ഇച്ഛാശക്തി ഒന്നുമാത്രമാണ് ഞങ്ങളെ നയിക്കുന്നത്. നിങ്ങളുടെ ഏവരുടെയും സഹകരണവും പിന്തുണയുമുണ്ടെങ്കിൽ നമുക്കിവിടെ പലതും മാറ്റിമറിക്കാനാവും.

എതായാലും ഒരു കാര്യം ഉറപ്പ്. വ്യക്തികളെ തേജോവധം ചെയ്യാനും മാന്യമല്ലാത്ത പദപ്രയോഗങ്ങളിലൂടെ മറ്റുള്ളവരുടെ വെറുപ്പ് സമ്പാദിക്കാനും വേദ ദർശനത്തിന്റെ താളുകൾ ഉപയോഗിക്കില്ല. ആർക്കെങ്കിലും നേരെ വിമർശനം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ പ്രതിപക്ഷ ബഹുമാനം നിലനിർത്തിക്കൊണ്ട് തന്നെ അവരുടെ നിലപാടുകളോട് വിയോജിക്കുക എന്നതായിരിക്കും ഞങ്ങളുടെ നയം.

ഖുർആൻ സുന്നത്ത് പ്രസ്ഥാനക്കാർ ഇന്ന് ഇന്ത്യയിൽ മാത്രമല്ല; വിദേശ രാഷ്ട്രങ്ങളിൽപ്പോലും അവഗണിക്കാനാവാത്ത ശക്തിയായി മാറിയിരിക്കുകയാണ്. ഹദീസുകളുടെ പൊള്ളത്തരങ്ങൾ എവിടെയും തുറന്നുകാട്ടുന്ന നമ്മുടെ പ്രവർത്തകർക്ക് ഇതര പ്രസ്ഥാനക്കാർ കൽപ്പിച്ചു നൽകിയ ഓമനപ്പേരാണ് ഹദീസ് നിഷേധികൾ എന്നത്. അത് കല്ലേറായല്ല; പൂമാലയായാണ് നാം സ്വീകരിക്കുന്നത്. ഹദീസുകളുടെ പിറകെ പോയാൽ വഴിതെറ്റുകയേയുള്ളൂവെന്നും ഖുർആൻ മാത്രമാണ് ഇസ്‌ലാമിന്റെ പ്രമാണമെന്നും നാം പറയുമ്പോൾ അത് കൊള്ളേണ്ടിടത്ത് കൊള്ളുന്നുണ്ട്.

തങ്ങളുടെ അണികളിൽ ചോർച്ച ഉണ്ടാവാതിരിക്കാൻ മറ്റു മുസ്‌ലിം സംഘടനകൾ പാടുപെടുകയാണ്. മുജാഹിദുകളുടെ ഒരു വിഭാഗം നടത്തി വരുന്ന മണ്ഡലം സമ്മേളനങ്ങളിൽ പ്രമേയമായി സ്വീകരിച്ചിരിക്കുന്നത് മതത്തെ അറിയുക; പ്രമാണങ്ങളിലൂടെ എന്നതാണ്. ഖുർആനെ കൂടാതെ ഹദീസും പ്രമാണമാക്കിയാലേ മുസ്‌ലിമാവൂ എന്നു ഊന്നിപ്പറഞ്ഞ് ഹദീസിന്റെ ഇല്ലാത്ത മഹിമകൾ പ്രചരിപ്പിക്കുകയാണ് ഈ സമ്മേളനങ്ങളിലൂടെ; പ്രമാണമല്ല. പ്രമാണങ്ങൾ തന്നെ വേണം മതത്തെ അറിയാൻ എന്ന വിഷയം തിരഞ്ഞെടുക്കാൻ കാരണമായത് ഹദീസുകളുടെ പ്രാമാണികതയെ വിശ്വാസികൾ ചോദ്യം ചെയ്തു തുടങ്ങിയതാണ്. ഇങ്ങനെയൊരു ചിന്ത പടച്ചുവിടാൻ ഇടയാക്കിയത് നാമാണെന്ന വസ്തുത നമുക്കഭിമാനത്തിന് വക നൽകുന്നു.

മറ്റൊരു വിഭാഗം മുജാഹിദുകളാവട്ടെ 'ഹദീസ് നിഷേധികളെക്കൊണ്ട് വലിയ ശല്യമായിരിക്കുന്നു' എന്ന് പരസ്യമായി സമ്മതിച്ചിരിക്കുകയാണ്. അതും ഇവിടെങ്ങുമല്ല; അങ്ങ് കുവൈറ്റിൽ. ഓരോ കെ.എസ്.എസ്സുകാരനും ഓരോ മൗലവി ചേകനൂരായി മാറിയിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ ഒരു മുജാഹിദ് പണ്ഡിതൻ തന്റെ പ്രസംഗത്തിൽ അവിടത്തെ മലയാളികളോട് നടത്തിയ ആഹ്വാനം ഇങ്ങനെ: "ഖുർആൻ ഇരുട്ടാണ്. ഹദീസാണ് വെളിച്ചം. അതുകൊണ്ട് ഹദീസിലേക്ക് വരിക!" ഇവരെയൊക്കെ ഉൽപ്പതിഷ്ണുക്കൾ എന്ന് വിളിക്കുന്നവർ ഇപ്പോഴുമുണ്ടല്ലോ എന്നോർത്താണ് ഞങ്ങളുടെ സങ്കടം.

**കെ.കെ. സാലിം ഹാജി**

(പ്രസിഡന്റ് – ഖുർആൻ സുന്നത്ത് സൊസൈറ്റി, പ്രിന്റർ & പബ്ലിഷർ – വേദ ദർശനം)